No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

# KEAM-2020

# കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

## സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്കുള്ള (EWS) സർട്ടിഫിക്കറ്റും NRI സർട്ടിഫിക്കറ്റുകളും പുതിയതായി സമർപ്പിക്കുന്നത് സംബന്ധിച്ച്

- **EWS സർട്ടിഫിക്കറ്റ്**

2020–21 വർഷത്തെ കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ച സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാരായ വിദ്യാർത്ഥികൾക്കുള്ള (**EWS** കാറ്റഗറി) സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന് **11.05.2020** മുതൽ 31.05.2020 വരെ സമയം അനുവദിച്ചിരുന്നു. പ്രസ്തുത കാലയളവിൽ EWS സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് അവസാനമായി ഒരു അവസരം കൂടി നൽകുന്നു.

12.02.2020 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ (എം.എസ്) നം.02/020/ഉ.ഭ.പ.വ പ്രകാരമുള്ള വരുമാനവും ആസ്തിയും സംബന്ധിച്ച നിശ്ചിത മാതൃകയിലുള്ള വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റാണ് EWS സംവരണം ലഭിക്കുന്നതിനായി സമർപ്പിക്കേണ്ടത്. സംവരണേതര വിഭാഗത്തിൽപ്പെടുന്ന അപേക്ഷാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM-2020 Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് ദൃശ്യമാകുന്ന പ്രൊഫൈൽ പേജിൽ ലഭ്യമായ 'Memo details' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് EWS സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യാവുന്നതാണ്. പുതുതായി EWS സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നതിന് 29.09.2020 **മുതൽ** 03.10.2020 **വൈകിട്ട്** 4.00 **മണി വരെ** സമയം ഉണ്ടായിരിക്കുന്നതാണ്.

ജനറൽ വിഭാഗക്കാരായ വിദ്യാർത്ഥികളിൽ **EWS** സർട്ടിഫിക്കറ്റിന് അർഹരായവർ മാത്രമാണ് പ്രസ്തുത സർട്ടിഫിക്കറ്റ് **'Memo details'** ലിങ്ക് വഴി അപ്‌ലോഡ് ചെയ്യേണ്ടത്. ജാതി സംവരണ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് **EWS** സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന് അവസരം ഉണ്ടായിരിക്കുന്നതല്ല. നിശ്ചിത സമയത്തിനു ശേഷം അപ്‌ലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റുകളോ, തപാലിലോ നേരിട്ടോ ഇ–മെയിലോയോ ലഭിക്കുന്ന സർട്ടിഫിക്കറ്റുകളോ പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനായി യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. സമയബന്ധിതമായി കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ 03.10.2020 വൈകിട്ട് 4 മണിക്കു ശേഷം പുതുതായി **EWS**

**<u>സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനോ മേൽപറഞ്ഞ തീയതിയിൽ സമർപ്പിക്കുന്ന EWS സർട്ടിഫിക്കറ്റ് ന്യൂനതയുള്ളവ പരിഹരിക്കുന്നതിനോ വീണ്ടും അവസരം നൽകുന്നതല്ല.</u>**

- **<u>NRI സർട്ടിഫിക്കറ്റ്</u>**

2020–21 വർഷത്തെ മെഡിക്കൽ കോഴ്സുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് വഴി പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥി കൾക്ക്, സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ ലഭ്യമായ **NRI** കാറ്റഗറി സീറ്റുകളിലേക്ക് പുതുതായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. കോവിഡ്1–19ന്റെ പ്രത്യേക പശ്ചാത്തലത്തിൽ നിലവിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് വഴി **NRI** സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് **29.09.2020** മുതൽ **14.10.2020,** ഉച്ചയ്ക്ക് **12.00** മണി വരെ പുതുതായി **NRI** സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാവുന്നതാണ്. **NRI** സീറ്റ് താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM-2020 Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് ദൃശ്യമാകുന്ന പ്രൊഫൈൽ പേജിൽ ലഭ്യമായ 'Memo details' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്. NRI കാറ്റഗറി തെളിയിക്കുന്നതിനായി ഒന്നിലധികം സർട്ടിഫിക്കറ്റുകൾ വേണ്ടതിനാൽ എല്ലാ സർട്ടിഫിക്കറ്റുകളും കൂടി ഒറ്റ PDF ഫയൽ ആക്കിയതിനുശേഷം മാത്രം അപ്‌ലോഡ് ചെയ്യു ക. NRI സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിന് മുമ്പ് വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമായ 01.02.2020 ലെ കേരള എഞ്ചിനീയറിംഗ്/ആർക്കി ടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേ ശനം സംബന്ധിച്ച വിശദമായ വിജ്ഞാപനത്തിലെ NRI സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച ഭാഗം വായിച്ചു മനസ്സിലാക്കേണ്ടതാണ്. ബഹു.സുപ്രീം കോടതിയുടെ 23.03.2020ലെ WP (C) No.370 വിധി പ്രകാരം കേരളീയേതരായ രണ്ടാം കാറ്റഗറി വിഭാഗക്കാർക്കും (NK-II) മേൽപറഞ്ഞ തീയതിക്കുള്ളിൽ NRI സർട്ടിഫിക്കറ്റ് സമർപ്പിക്കാവുന്നതാണ്. മേൽപറഞ്ഞ തീയതിക്കുള്ളിൽ അപ്‌ലോഡ് ചെയ്യാത്ത സർട്ടിഫിക്കറ്റുകളോ നേരിട്ടോ തപാലിലോ ഇ–മെയിലോയോ ലഭിക്കുന്ന സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും NRI കാറ്റഗറി അനുവദിക്കുന്നതിന് പരിഗണിക്കുന്നതല്ല.

**<u>NRI സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിന് കേരളീയേതരായ രണ്ടാം കാറ്റഗറി വിഭാഗക്കാർ (NK-II)ക്കുൾപ്പെടെ ഇനി ഒരു അവസരം നൽകുന്നതല്ല.</u>**

**ഹെൽപ്പ് ലൈൻ നമ്പർ : 0471 2525300**

തിരുവനന്തപുരം
28.09.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**